# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3360 19.10.2016-ന് മറുപടിയ്ക്ക്**

**മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽവരുന്ന വനവിസ്തൃതി**

**ചോദ്യം**

**ശ്രീ. ഹൈബി ഈഡൻ**

**മറുപടി**

**ശ്രീ. കെ. രാജു**
**ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ അധികാര പരിധിയിൽവരുന്ന വനവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | മാങ്കുളം ഫോറസ്റ്റ് ഡിവിഷനിലെ ആകെ വനവിസ്തൃതി 9005.72 ഹെക്ടറാണ് (90.05 ചതുരശ്ര കി.മീ.) |
| (ബി) | കെ. ഡി. എച്ച്. നിയമപ്രകാരം ഭൂരഹിതകർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകുന്നതിനായി മാങ്കുളം വില്ലേജിൽ മാറ്റിവച്ച 5189 ഏക്കർ സ്ഥലത്ത് ഉൾപ്പെട്ടുവരുന്നതും 1996-ൽ വരെ അളന്നുതിരിച്ച 1342 പ്ലോട്ടുകളുടെയും (1336 ഹെക്ടർ) 1998-ൽ അളന്നുതിരിച്ച 1200 പ്ലോട്ടുകളുടെയും (600 ഹെക്ടർ) സംരക്ഷണ ചുമതല വനം വകുപ്പിലെ ഏത് ഉദ്യോഗസ്ഥനെയാണ് ഏല്പിച്ചിട്ടുള്ളത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | മാങ്കുളം ഫോറസ്റ്റ് സ്പെഷ്യൽ അസിസ്റ്റന്റ് കൺസർവേറ്റർ തസ്തിക മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തസ്തികയായി ഉയർത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുമോ? | (സി) | മാങ്കുളം ഡിവിഷന്റെ അധീനതയിലുള്ള വനഭൂമിയുടെ സംരക്ഷണവും, ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 27.02.2009 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 15/2009/എഫ് & ഡബ്ളിയു.എൽ. ഡി. പ്രകാരം മാങ്കുളം ഫോറസ്റ്റ് സ്പെഷ്യൽ അസിസ്റ്റൻറ് കൺസർവേറ്റർ തസ്തിക മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തസ്തികയായി ഉയർത്തിയത്. |

സെക്ഷൻ ഓഫീസർ